## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **25.06.2018-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 4118**

## ഗുണനിലവാരമുള്ള പാൽ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഗുണനിലവാരമില്ലാത്തതും അപകടകരമായ രാസവസ്തുക്കൾ ചേർത്തതുമായ പാൽ സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) പരിശോധിച്ചിട്ടുണ്ട് |
| (ബി) എങ്കിൽ സംസ്ഥാനത്ത് ഗുണനിലവാരമുള്ള പാൽ ലഭ്യത ഉറപ്പാക്കുന്നതിനായി അതിർത്തി ചെക്ക്പോസ്റ്റുകളിൽ പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) മീനാക്ഷിപുരം, ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പരിശോധന നടത്തി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധന സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്. നിലവിൽ ചെക്ക് പോസ്റ്റുകളിൽ മൊബൈൽ ലബോറട്ടറികളുടെ സഹായത്തോടു-കൂടി ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തി വരുന്നുണ്ട്. |
| (സി) ആഭ്യന്തര പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | (സി) ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി മിൽക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡിങ്ങ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം, കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിൽസാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു. ക്ഷീരകർഷകർക്കും ഉരുക്കൾക്കുമുള്ള ഇൻഷ്വറൻസും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**